പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 340 — 27.09.2011-ൽ മറുപടിയ്ക്ക്

അണ്ടർ ഗ്രൗണ്ട് കേബിൾ ഇടുന്നതിനും വൈദ്യുതീകരണത്തിനും അനുമതി .

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് അധികൃതരുടെ അനുമതി ലഭ്യമാക്കുന്നതിനും മുള്ളേരിയ, കുറ്റിക്കോൽ സെക്ഷൻെറ കീഴിൽ വരുന്ന പ്രദേശങ്ങളിൽ അണ്ടർ ഗ്രൗണ്ട് കേബിൾ ഇടുന്നതിനും ചെങ്ങറ പുനരധിവാസ കേന്ദ്രമായ കാലിയടുക്കം പ്രദേശം വൈദ്യുതീ കരിക്കുന്നതിനും ആർ. ജി. ജി. വി. വൈ സ്കീമിൽ ഉൾപ്പെടുത്തി അനുമതി നൽകണമെന്നാവശ്യപ്പെട്ട് കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വൈദ്യുതി ബോർഡിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; | (എ) & (ബി) ഉദുമ നിയോജകമണ്ഡലത്തിൻെറ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി യുടെ ഭാഗമായി ദേലംപടി ഗ്രാമപഞ്ചായത്തിൽ വരുന്ന പ്രദേശങ്ങൾ വനംവകുപ്പിൻെറ അനുമതിക്കുവേണ്ടി സമർപ്പിച്ച പ്പോൾ ഓവർഹെഡ് ലൈനിനു പകരം ഭൂഗർഭ കേബിൾ ആണെങ്കിൽ അനുമതി നൽകാ മെന്നും അറിയിച്ചു. ഭൂഗർഭ കേബിൾ ഉപയോഗിച്ച് ആർ.ജി.ജി. വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രദേശത്തെ വൈദ്യുതീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വേണ്ടി കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ആവശ്യപ്ര കാരം കാസർഗോഡ് ജില്ലയ്ക്കു വേണ്ടി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ സമർപ്പിക്കുന്ന റിവൈസ്ഡ് ഡി.പി.ആറിൽ അനുമതിക്കുവേണ്ടി ഉൾപ്പെടുത്തു വാനും തീരുമാനിച്ചിട്ടുണ്ട്. ചെങ്ങറ പുനരധിവാസ കേന്ദ്രമായ കാലിയടുക്കംപ്രദേശത്തിൻെറ വൈദ്യുതീകരണവും മേൽപ്പറഞ്ഞ റിവൈസ്ഡ് ഡി.പി.ആറിൽ ഉൾപ്പെടുത്തുന്നതിന് |
| (ബി) എങ്കിൽ ആയതിന് അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | |

തീരുമാനമെടുത്തിട്ടുണ്ട്. ഇവ ഉൾപ്പെടുത്തുമ്പോൾ, REC അനുവദിച്ച തുകയിൽ കൂടുതൽ ആകാതിരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം കാസർഗോഡ് ഇലക്ട്രിക്കൽ സർക്കിളിൽ റിവൈസ്ഡ് ഡി.പി.ആർ പൂർത്തീകരിച്ച് വരികയാണ്. പൂർത്തീകരിച്ച ഡി.പി.ആർ, ആർ.ഇ.സിയിൽ സമർപ്പിച്ച് അനുമതി വാങ്ങേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ.